**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283** **06-03-2023 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.) സ്ഥാപനത്തിലെ ദിവസവേതന ജീവനക്കാർ അവരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ പരാതി ഫയൽ നമ്പർ 6243712/2002-ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ) സ്ഥാപനത്തിലെ ദിവസ വേതന ജീവനക്കാർ അവരുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ച് ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ നിവേദനം ,റസീപ്റ്റ് നം 6243712/2022- ധനവകുപ്പിൽ E 2136776(EXP-C3/91/2022-FIN എന്ന E ഫയലിൽ പരിശോധിക്കുകയും നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി ഭരണവകുപ്പിനു ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് എന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിന് ധനകാര്യ വകുപ്പിൽ ഫയൽ നമ്പരും ഇ-ഫയൽ നമ്പരുമുണ്ടെങ്കിൽ അത് ലഭ്യമാക്കാമോ; | (ബി) | 6243712/2022- നമ്പരായുള്ള നിവേദനം അടങ്ങിയ ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പക്കലാണുള്ളത്.<br><br>ധനകാര്യ വകുപ്പിലെ ഫയൽ നം ചുവടെ ചേർക്കുന്നു.<br><br>E 2136776(EXP-C3/91/2022-FIN) |
| (സി) | ഈ വിഭാഗം ജീവനക്കാരെ കാറ്റഗറി പത്തിൽ നിന്നും എട്ടിലേക്കാണ് മാറ്റിയിരിക്കുന്നത് ഈ വിവേചനം അവസാനിപ്പിക്കണമെന്ന ആവശ്യത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | ഭരണവകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറക്ക് ധനവകുപ്പിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ